തിരുവനന്തപുരം
തീയതി : 28/10/2017

# അറിയിപ്പ്

ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ വകുപ്പ് 2017–ജൂൺ മാസത്തിൽ നടത്തിയ സർക്കാർ ആയുർവേദ പാരാമെഡിക്കൽ തെറാപ്പിസ്റ്റ് കോഴ്സിന്റെ മാർക്ക് ലിസ്റ്റുകൾ 30/10/2017 മുതൽ അതാത് പരീക്ഷാ സെന്ററുകളിൽ നിന്നും വിതരണം ചെയ്യുന്നതായിരിക്കും എന്നറിയിച്ചിരുന്നു. എന്നാൽ യു.ജി, പി.ജി അഡ്മിഷനുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള തിരക്കുകൾ കാരണം പ്രസ്തുത മാർക്ക് ലിസ്റ്റുകൾ 6/11/2017 മുതൽക്ക് മാത്രമേ അതാത് പരീക്ഷ സെന്ററുകളിൽ നിന്നും വിതരണം നടത്തുകയുള്ളൂ എന്നുള്ള വിവരം അറിയിക്കുന്നു.ഇതിൻ പ്രകാരം പുനർമൂല്യ നിർണ്ണയത്തിനുള്ള അപേക്ഷ 23/11/2017 വൈകുന്നേരം 5 മണിക്കുള്ളിൽ അപേക്ഷ സമർപ്പിക്കണം. അപേക്ഷകൾ നിർദിഷ്ട മാതൃകയിൽ തയ്യാറാക്കി ഒരു പേപ്പറിന് 150/–രൂപ (നൂറു രൂപ മാത്രം) നിരക്കിൽ "0210–03–101–98 എക്സാം ഫീസ് ആന്റ് അദർ ഫീസ്" എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കിയ ഒറിജിനൽ ചെലാൻ, പരീക്ഷാ ഹാൾ ടിക്കറ്റിന്റെ പകർപ്പ്, മാർക്ക് ലിസ്റ്റിന്റെ പകർപ്പ് എന്നിവ സഹിതം ഡയറക്ടർ, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ, ആരോഗ്യഭവൻ, തിരുവനന്തപുരം എന്ന മേൽവിലാസത്തിൽ നിശ്ചിത തീയതിയ്ക്കകം അപേക്ഷി ക്കേണ്ടതാണ്.അവസാന തീയതിക്കുശേഷം ലഭിക്കുന്നതും, അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

ആയുർവേദ പാരാമെഡിക്കൽ, തെറാപ്പിസ്റ്റ് കോഴ്സ് വിജയിച്ച വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് നിർദ്ദിഷ്ട ഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫാറത്തിൽ നിർദ്ദേശിക്കുന്ന രേഖകൾ അപേക്ഷ യോടൊപ്പം ഹാജരാക്കണം.

സർട്ടിഫിക്കറ്റിന്റെ ഫീസ് – 150/–രൂപ

അപേക്ഷാ ഫാറം എല്ലാ ആയുർവേദ കോളേജുകളിലും ലഭ്യമാണ്. അപേക്ഷാ ഫാറത്തിന്റെ പകർപ്പും ഉപയോഗിക്കാം. അപേക്ഷയോടൊപ്പം 150/–രൂപ "0210–03–101 –98–എക്സാം ഫീസ് ആന്റ് അദർ റസീപ്റ്റ്സ്" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ കേര ളത്തിലെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കി ആയതിന്റെ അസൽ ചെലാൻ, 35/–രൂപ യുടെ (രജിസ്ട്രേഡ് തപാലിന് ആവശ്യമായ പോസ്റ്റേജ് സ്റ്റാമ്പ്) തപാൽ സ്റ്റാമ്പ് പതിച്ച സ്വന്തം മേൽവിലാസം എഴുതിയ 34 X 24 സെ.മീ.വലിപ്പത്തിലുള്ള കവർ സഹിതം ഡയ റക്ടർ, ആയുർവേദ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റ്, ആരോഗ്യഭവൻ, എം. ജി.റോഡ്, തിരുവനന്തപുരം–1 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

O/O THE DIRECTOR AYURVEDA MEDICAL EDUCATION
GOVERNMENT OF KERALA
Thiruvananthapuram

ഡയറക്ടർ

പകർപ്പ് : നോട്ടീസ് ബോർഡ്